നബാർഡിന്റെ സഹായത്തോടെ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ ജലസേചന പദ്ധതികൾ

167 (4453) ശ്രീ. ആർ. - രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസേചന വകുപ്പ്, നബാർഡിന്റെ സഹായത്തോടെ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ; പദ്ധതി അടങ്കൽ തുക തിരിച്ച് ലഭ്യമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ ജലസേചന വകുപ്പ് ഇപ്രകാരം ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ; പ്രവൃത്തി അടങ്കൽ തുക തിരിച്ച് ലഭ്യമാക്കുമോ; പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) 2014-15-ൽ പ്രസ്തുത മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) എസ്റ്റിമേറ്റുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) മാവേലിക്കര മണ്ഡലത്തിൽ ഇപ്രകാരം പ്രവൃത്തികൾ ഒന്നും ഏറ്റെടുത്തിട്ടില്ല.

(സി&ഡി) 2014-15-ൽ പ്രസ്തുത മാതൃകയിൽ ആലപ്പുഴ ജില്ലയിൽ ഒരു പദ്ധതിയും നടപ്പിലാക്കുന്നില്ല.

പറമ്പിക്കുളം -ആളിയാർ കരാർ പുതുക്കുന്നതിന് നടപടി

168 (T* 4454) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം മുൻവർഷങ്ങളിൽ തമിഴ്നാട്ടിൽ നിന്നും കേരളത്തിന് ലഭിക്കുവാൻ അർഹതയുണ്ടായിരുന്ന വെള്ളം കൂടുതലായി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) തമിഴ്നാടിന്റെ ഭാഗത്തുനിന്നുള്ള കരാർ ലംഘനംമൂലം കേരളത്തിന് കുടിവെള്ളം, ജലസേചനം, വൈദ്യുതി എന്നീ മേഖലകളിലുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരത്തിനുള്ള സാദ്ധ്യതകൾ തേടിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കരാർ കാലാനുസൃതമായി പുതുക്കുന്നതിനും സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിനും ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സംയുക്ത ജല ക്രമീകരണ ബോർഡിന്റെ യോഗങ്ങളിൽ ജലസേചനവകുപ്പ് സ്വീകരിക്കുന്ന യുക്തമായ നിലപാടുകളിലൂടെയും സർക്കാരിന്റെ സമയോചിതവും ശക്തവുമായ ഇടപെടലുകളിലൂടെയും പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം നേടിയെടുക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കാറുണ്ട്. എന്നാൽ 2012-13 ജലവർഷത്തിൽ കരാർ പ്രകാരം അർഹതപ്പെട്ട ജലവിഹിതം കേരളത്തിന് പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്നും ലഭിച്ചില്ല. തമിഴ്നാടിന്റെ കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരെ കേരളം ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അസ്സൽ അന്യായവും ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഹർജിയിൽ തമിഴ്നാടിന്റെ ഭാഗത്തുനിന്നുള്ള കരാർലംഘനംമൂലം വിവിധ മേഖലകളിലുണ്ടായിട്ടുള്ള നഷ്ടങ്ങൾ നികത്തുന്നതിലേയ്ക്കായി നഷ്ടപരിഹാരമായി 50 കോടി രൂപ തമിഴ്നാട് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പുതുക്കാൻ ടി കരാറിൽ പ്രത്യേക വ്യവസ്ഥയില്ല. എന്നാൽ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ കരാർ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. 2012-2013 ജലവർഷത്തിൽ കേരളത്തിന് കരാർ പ്രകാരം അർഹതപ്പെട്ട ജലം പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്നും ലഭിച്ചില്ല. ഈ സാഹചര്യത്തിൽ തമിഴ്നാടിന്റെ കരാർ വ്യവസ്ഥാലംഘനങ്ങൾക്കെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേരളം ഒരു അസ്സൽ അന്യായവും ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. ഇതോടൊപ്പംതന്നെ നിലവിലെ സാഹചര്യത്തിൽ കേരളത്തിനർഹതപ്പെട്ട ജലവിഹിതം കൃത്യമായി നേടിയെടുക്കുന്ന തരത്തിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ ചർച്ചകളിലൂടെ പരസ്പരധാരണയിലെത്തി കരാർ പുനരവലോകനം യാഥാർത്ഥ്യമാക്കാനുള്ള നടപടികളെപ്പറ്റിയും സർക്കാർ ആലോചിക്കുന്നുണ്ട്. ഇതിന് സമഗ്രമായ പരിശോധനയും തുടർ ചർച്ചകളും നടത്തേണ്ടതുണ്ട്.

തിരുവനന്തപുരം-കാസർഗോഡ് ജലപാത

169 (4455) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജലപാതയുടെ സർവ്വേ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് സർവ്വേ നടത്തിയത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly